ലേക്ക് നീങ്ങുകയാണ്. 25 ലക്ഷത്തോളം ആളുകൾക്ക് പട്ടികജാതിക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതപ്പെട്ട ഈ സമൂഹത്തിന്റെ സാമൂഹ്യ–സാംസ്കാരിക–സാമ്പത്തിക ഉയർച്ചക്കുവേണ്ടിയാണ് ഈ ഗവൺമെന്റ് ആ കോർപ്പറേഷൻ ഉണ്ടാക്കിയത്. പക്ഷേ ഇന്നവർ പ്രഖ്യാപിച്ചിരിക്കുന്ന ക്ഷേമപരിപാടികൾക്കൊന്നും പണമില്ലാതെവന്നിരിക്കുകയാണ്. കർഷകത്തൊഴിലാളികൾക്ക് ഭൂമി വാങ്ങിക്കൊടുക്കാൻ വേണ്ടിമാത്രം 1338 അപേക്ഷയുണ്ട്. അതിന് രണ്ട് കോടിരൂപ വേണം. സ്വയംതൊഴിൽ കണ്ടെത്താനായിട്ട് ആട്ടോറിക്ഷ വാങ്ങാനും, വിശേഷത്ത് ജോലിതേടിപ്പോകുന്ന പാവപ്പെട്ട ഈ സമൂഹത്തിൽപ്പെട്ട ആളുകൾക്ക് സഹായം ചെയ്യാനായിട്ടും. സ്കോളർഷിപ്പുകൾക്കും, ഇതിനൊന്നും ആവശ്യമുള്ള പണമില്ലാതെ വിഷമിക്കുകയാണ്, ആ കോർപ്പറേഷൻ. നമ്മുടെ സമൂഹത്തിലെ ഏറ്റവും ദുർബ്ബലവിഭാഗമെന്നു വിശേഷിപ്പിക്കപ്പെടാവുന്ന ആ വിഭാഗത്തിന്റെ ആകെ ആശ്രയമായ ഈ കോർപ്പറേഷന് ആവശ്യമായ സഹായം ഗവൺമെന്റ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ കോർപ്പറേഷൻ 1980-ൽ രൂപീകരിച്ചുവെങ്കിലും 1983 വരെ അതിനാവശ്യമായിട്ടുള്ള പണംകൊള്ളിക്കൽ നടപടിയുണ്ടായിട്ടില്ല. ഇതിന്റെ മൊത്തം കുടിശ്ശിക 5 കോടി രൂപയാണ്. 1983–നുശേഷം 50 ലക്ഷത്തോളം രൂപ ഗവൺമെന്റ് ഇതിനായിട്ട് കൊടുത്തിട്ടുണ്ട്. ഇപ്പോൾ ആ കോർപ്പറേഷൻ പുനഃസംഘടിപ്പിച്ച് അതിന്റെ പ്രവർത്തനം കാര്യമായിട്ട് ആരംഭിച്ചിരിക്കുകയാണ്. 137 ആളുകൾക്ക് ഇതിനകം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. 50 ലക്ഷം രൂപ അവർക്ക് അനുവദിച്ചതിൽ 20 ലക്ഷത്തിൽപ്പരം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ: 30 ലക്ഷം ഇനി ചെലവഴിക്കാൻ ബാക്കിയായിട്ടാണ് കാണുന്നത്. ഏതായാലും ആ പദ്ധതി മുന്നോട്ടു പോകുന്നതനുസരിച്ച്, ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് പണം കൊടുക്കുന്നതായിരിക്കും.

(22) സ്വകാര്യ ബസ്സിന് താൽക്കാലിക പെർമിറ്റ് നൽകുന്നതിൽ ഏർപ്പെടുത്തിയ നിയന്ത്രണം

ശ്രീ. വി. വി. ജോസഫ്: സ്വകാര്യ ബസ്സുകൾക്ക് അടുത്ത ആറുമാസക്കാലത്തേക്ക് പെർമിറ്റുകൾ കൊടുക്കേണ്ടതില്ലയെന്ന് ഗവൺമെന്റിൽനിന്നും കളക്ടർമാർക്ക് കൊടുത്ത നിർദ്ദേശം കെ. എസ്. ആർ. ടി. സി. സർവ്വീസ് കുറവായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ യാത്രാക്ലേശം അനുഭവിക്കുന്ന ജനങ്ങൾക്ക് ഇടിവെട്ടോറവന് പാമ്പ് കടിയേറ്റ അനുഭവമാണ് ഉണ്ടാക്കിയിരിക്കുന്നത്. പക്ഷേ പെർമിറ്റുകൾ കൊടുക്കരുതെന്നാണ് ഇപ്പോൾ നിർദ്ദേശം. അതിനുവേണ്ടി ഗസറ്റിൽ പരസ്യപ്പെടുത്തി അതിന്റെ നടപടിക്രമം പൂർത്തിയാകുന്നതിനുതന്നെ ആറുമാസം വേണ്ടിവരും. പത്തു കിലോമീറ്റർ എക്സ്റ്റൻഷൻ കൊടുക്കാമെന്നു പറഞ്ഞു. എക്സ്റ്റൻഷൻ വേണമെങ്കിൽ അപേക്ഷിക്കണം. മിക്കവരും അപേക്ഷിക്കുകയില്ല. അതുകൊണ്ട് എം. എൽ. എ. മാർ നിർദ്ദേശിക്കുന്ന റൂട്ടുകളിലെങ്കിലും സ്വകാര്യ ബസ്സുകൾക്ക് താൽക്കാലിക പെർമിറ്റുകൾ കൊടുക്കുവാൻ അടിയന്തിര നിർദ്ദേശം കൊടുക്കണമെന്നാണ് എനിക്ക് അപേക്ഷിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, സഹകാര്യമേഖലയിലെ ബസ്സുകൾക്ക് താൽക്കാലിക പെർമിറ്റുകൾ നൽകുന്നതിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് ഈ മേഖലയിലെ അനാരോഗ്യകരമായ മൽസരവും തൽഫലമായി ഉണ്ടാകുന്ന അപകടങ്ങളും ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സഹായകരമാകുമെന്ന് ഗവൺമെൻറിന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ്. അതിൻ പ്രകാരം 26-8-85-ൽ ഒരു താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ബസ് സർവ്വീസുകൾ ആവശ്യമാണെന്ന് ബോദ്ധ്യമാകുന്ന റൂട്ടുകളിൽ പുതിയ പെർമിറ്റുകൾ കൊടുക്കാൻ ഇപ്പോഴും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത്യാവശ്യമുള്ള പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതിന് ആർ. ടി. ഒ. ക്ക് തന്നെ നിർദ്ദേശം കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. പുതിയതായി സർവ്വീസ് ഏർപ്പെടുത്തേണ്ട റൂട്ടുകൾ 10 കിലോമീറ്ററിൽ കൂടുതലുണ്ടെങ്കിൽ പുതിയ സർവ്വീസ് അനുവദിക്കാവുന്നതാണെന്ന നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

(23) ശാന്തിവിള ഗവൺമെൻറ് ആശുപത്രിയുടെ ശോചനീയാവസ്ഥയെ സംബന്ധിച്ച്

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധക്കുവേണ്ടിയാണ് ഞാൻ പറയുന്നത്. നേമം നിയോജകമണ്ഡലത്തിലെ നേമം പഞ്ചായത്തിലെ ശാന്തിവിള സർക്കാരാശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റില്ല. ആ ആശുപത്രിയിലെ വാർഡുകളിൽ രാത്രിയിൽ വെളിച്ചം കിട്ടുന്നതിന് ബൾബുകളില്ല. ആശുപത്രി പരിസരം വൃത്തിയാക്കുന്നതിന് സ്വീപ്പർമാരില്ല. അവിടത്തെ ലാട്രിൻ പൊട്ടി ഒലിക്കുകയാണ്. ഈ കാര്യങ്ങളിലൊക്കെ ഗവൺമെൻറിൻറെ അടിയന്തിരമായ ശ്രദ്ധ ക്ഷണിക്കുകയാണ്. അതിന് എത്രയും വേഗം പരിഹാരമുണ്ടാക്കണമെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അന്വേഷണത്തിൽ അവിടെ വാർഡുകളിൽ ബൾബുകളുണ്ടെന്നാണ് മനസ്സിലായത്. വേറെ കുഴപ്പമൊന്നുമില്ല. ഇനി ബൾബ് ആരെങ്കിലും മനഃപൂർവ്വം തല്ലിപ്പൊട്ടിക്കുകയാണോയെന്ന് അറിഞ്ഞുകൂടാ. ഏതായാലും ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണ്.

(24) ഇരിക്കൂർ മണ്ഡലത്തിലെ ഹിൽവേ റോഡുകളുടെ അനാഥാവസ്ഥയെക്കുറിച്ച്

ശ്രീ. കെ. സി. ജോസഫ്: സർ, ഹിൽവേ റോഡ് എന്ന പേരിൽ ആരംഭിച്ച പദ്ധതി ഇന്ന് വളരെ അനാഥാവസ്ഥയിലാണ്. എൻറെ നിയോജകമണ്ഡലത്തിൽ മൂന്നു ഹിൽവേ റോഡുകളും ഉണ്ട്. ആ പദ്ധതിക്കുവേണ്ടി ഇപ്പോൾ ബഡ്ജറ്റിൽ പണമില്ല. മാട്ടിര—കാലങ്കി റോഡ് എന്ന പ്രധാനപ്പെട്ട റോഡ് ഉൾപ്പെടെയുള്ള നിരവധി റോഡുകളും ഈ മണ്ഡലത്തിലുണ്ട്. പക്ഷേ ആ ഹിൽവേറോഡ് one time സ്കീമായതുകൊണ്ട് ഇപ്പോൾ റിപ്പയർ വർക്കുകളൊന്നും നടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly